16470
24/7/17

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പിന്നാക്ക വിഭാഗ വികസനം - 2017-18 അദ്ധ്യയന വർഷം മുതൽ ഒ.ബി.സി / ഒ.ഇ.സി / എസ്.ഇ.ബി.സി. വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യം പിന്നാക്ക വിഭാഗ വികസന വകുപ്പ് വഴി നടത്തുന്നതിനുള്ള ഉത്തരവ് മരവിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ. ഉ. (കൈ) നം.13/2017/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 24.07.2017.

==========================================================

പരാമർശം:
1. 13.06.2014, 30.09.2016 എന്നീ തീയതികളിൽ പട്ടികജാതി വികസന വകുപ്പ് അഡീഷണൽ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ മിനിട്ട്സ്.
2. 15.12.2016 -ൽ ബഹു. പിന്നാക്ക വിഭാഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ മിനിട്ട്സ്.
3. 08.03.2017-ലെ സ.ഉ.(എം.എസ്) നം, 13/2017/പജപവവിവ നമ്പർ ഉത്തരവ്.
4. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 01.07.2017 -ലെ എ 2/ബിസിഡിഡി/343/13 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

നിലവിൽ ഒ.ബി.സി/ഒ.ഇ.സി/എസ്.ഇ.ബി.സി. പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ് വഴിയാണ് വിതരണം ചെയ്യുന്നത്. ടി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം വിതരണം നിലവിൽ ചെയ്തു കൊണ്ടിരിക്കുന്ന പട്ടികജാതി വികസന വകുപ്പിൽ നിന്ന് പിന്നാക്ക സമുദായ വകുപ്പിലേക്ക് മാറ്റുമ്പോൾ ടി വകുപ്പിൽ സ്കോളർഷിപ്പ് വിതരണവുമായി ബന്ധപ്പെട്ട് ജോലി ചെയ്തു കൊണ്ടിരുന്ന 13 ക്ലാർക്കുമാരെ പിന്നാക്ക സമുദായ വകുപ്പിലേക്ക് നിയമാനുസൃതം വിട്ടുനൽകുന്നതിന് പരാമർശം (1) ലെ യോഗത്തിൽ തീരുമാനമായിരുന്നു. എന്നാൽ തുടർന്ന് ടി ജീവനക്കാരെ വിട്ടുനൽകുന്നതിനുള്ള നടപടികൾ പട്ടികജാതി വികസന വകുപ്പ് സ്വീകരിച്ചിരുന്നില്ല. മേൽ സാഹചര്യത്തിൽ ജീവനക്കാരെ പുനർവിന്യസിക്കുന്നതിനുള്ള നടപടി പൂർത്തിയാവുന്നതുവരെ സ്കോളർഷിപ്പ് വിതരണം പട്ടികജാതി വികസന വകുപ്പിൽ തന്നെ ചെയ്യേണ്ടതാണെന്നും സൂചന 2 -ലെ യോഗത്തിൽ തീരുമാനിച്ചിരുന്നു.

2. പ്രസ്തുത വിഷയത്തിൽ മറ്റ് ചർച്ചകളോ നടപടികളോ കൈക്കൊള്ളാതെ ഒ.ബി.സി / ഒ.ഇ.സി / എസ്.ഇ.ബി.സി. വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യം പിന്നാക്ക സമുദായ വികസന വകുപ്പ് വഴി നടത്തുന്നതിന് പട്ടികജാതി വികസന വകുപ്പിൽ നിന്നും പരാമർശം 3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. വിവിധ ജില്ലകളിലെ വിദ്യാഭ്യാസ ആനുകൂല്യ വിതരണം നേരിട്ട് നടത്തുന്നതിനുള്ള ഫീൽഡ് ഓഫീസുകൾ പിന്നാക്ക വിഭാഗ വികസന വകുപ്പിന് കീഴിലില്ലാത്തതിനാലും പരിമിതമായ ജീവനക്കാരുമായി പ്രവർത്തിച്ചുവരുന്നതിനാലും നിലവിൽ മെച്ചപ്പെട്ട വികേന്ദ്രീകരണ സംവിധാനം നിലവി ലുള്ള പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ് മുഖേന ആനുകൂല്യ വിതരണം നടത്തുന്നതായിരിക്കും ഏറെ ഗുണകരമായിട്ടുള്ളത് എന്ന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ സൂചന (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(.....2)

**4.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പിന്നാക്ക വിഭാഗ വികസന വകുപ്പിൽ സ്കോളർഷിപ്പ് വിതരണം നടത്തുന്നതിന് ആവശ്യമായ ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. പിന്നാക്ക വിഭാഗ വികസന വകുപ്പിൽ മെച്ചപ്പെട്ട ഓഫീസ് സംവിധാനങ്ങളും ജീവനക്കാരും നിലവിൽ വരുന്നതുവരെ പരാമർശം (3) ഉത്തരവിലെ നിർദ്ദേശം മരവിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ആയതിനാൽ ഒ.ബി.സി/ഒ.ഇ.സി/ എസ്.ഇ.ബി.സി വിഭാഗം വിദ്യാർത്ഥികളുടെ ആനുകൂല്യം തുടർന്നും പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ് വഴി വിതരണം ചെയ്യേണ്ടതാണെന്നും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**ഡോ. വേണു വി**
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, കനക നഗർ, വെള്ളയമ്പലം,തിരുവനന്തപുരം.
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, വെള്ളയമ്പലം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഉന്നത വിദ്യാഭ്യാസ വകുപ്പ്
പൊതുവിദ്യാഭ്യാസ വകുപ്പ്
പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.